കേരള സർക്കാർ

**സംസ്ഥാന ഓഡിറ്റ് വകുപ്പ്**

www.lfa.kerala.gov.in

# വളാഞ്ചേരി നഗരസഭ

**2016-17 വർഷ ഓഡിറ്റ് റിപ്പോർട്ട്**

**സംസ്ഥാന ഓഡിറ്റ് വകുപ്പ്,**

**ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.**

**e-mail:dompm.ksad@kerala.gov.in**

**(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)**

നം.കെ.എസ്.എ.എം.പി.എം.25/2456/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തീയതി -30 -11 -2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്, (സെക്രട്ടറി മുഖേന)
വളാഞ്ചേരി നഗരസഭ
സർ,

വിഷയം : വളാഞ്ചേരി **നഗരസഭ** - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് -സംബന്ധിച്ച്

********

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലിക നിയമം 295(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വളാഞ്ചേരി **നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തെ** ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2ലെയും ഭാഗം 3 ലെയും

ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ **നഗരസഭ** എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ മുനിസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

മലപ്പുറം

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

3) റീജിയണൽ ജോയിന്റ് ഡയറക്ടർ, കോഴിക്കോട്(ഉപരിപത്രം സഹിതം)

4) സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

5)കാര്യാലയ പകർപ്പ്

നമ്പർ.കെ.എസ്.എ.എം.പി.എം.25/2456/17 തീയതി 30-11-2017

**മലപ്പുറം ജില്ലയിലെ വളാഞ്ചേരി നഗരസഭയുടെ2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

*(1994 ലെ കേരളാ നഗരപാലിക നിയമം- വകുപ്പ്* **295(4), 1994** *ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ്* **13, 1996***ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം* **18** *എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

**മലപ്പുറം** ജില്ലയിലെ **വളാഞ്ചേരി നഗരസഭയുടെ** 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കി. പഞ്ചായത്ത് 8-1-2017 മുതൽ 18-10-2017വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകളിലേക്ക് അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ **നഗരസഭയുടെ** ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. വി.കെ. ഷാജി, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19-10-2017മുതൽ 30-10-2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.ഉണ്ണി.പി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീ.സി. അബ്ദുൾ ഗഫൂർ അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ഷാജഹാൻ ഖുറൈശി.എം, സീനി. ഗ്രേഡ്. ഓഡിറ്റർ |
| | ശ്രീ. മുഹമ്മദ് സിയാദ്, സീനി. ഗ്രേഡ്. ഓഡിറ്റർ |
| | ശ്രീ.കെ.ഷജീർ, ഓഡിറ്റർ |

**(ബി)നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| ചെയർപേഴ്സൺ | ശ്രീമതി ഷാഹിന മുണ്ടശ്ശേരി | 01-04-2016 മുതൽ 31-3-2017 വരെ |
| സെക്രട്ടറി | ശ്രീ.പി.ബി. സുഭാഷ്, പെരുമ്പറമ്പിൽ | 1-4-2016 മുതൽ 22-11-2016 വരെ |
| | ശ്രീ. ഹരിദാസ്. പി (ചാർജ്) | 23-11-2016 മുതൽ 5-3-2017 വരെ |
| | ടി.കെ. സുജിത്ത് | 6-3-2017 മുതൽ 31-3-2017 (ഓഡിറ്റ് തിയ്യതി വരെ തുടരുന്നു) |

(സി).നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലാവധി |
|---|---|---|
| അസി.എഞ്ചിനീയർ | ശ്രീ. ഷബീർ.കെ | 1-4-2016 മുതൽ 23-7-2016 വരെ |
| | ശ്രീ. അഞ്ജിത് ബി.മോഹൻ | 30-7-2016 മുതൽ 27- 8-2016 വരെ |
| | ശ്രീ.ഗ്രേഷ്യസ് | 24-7-2016 മുതൽ 29-7-2016 വരെ<br>28-8-2016 മുതൽ 31-3-2017 വരെ |
| വെററിനറി സർജൻ | ശ്രീ. കെ.ബി. ജിജേന്ദ്രകുമാർ | 1-4-2016 മുതൽ 18-9-2016 വരെ |
| | ശ്രീ. ഡോ. കെ.ബി. പ്രഭാകരൻ | 19-9-2016 മുതൽ31-3-2017 വരെ |
| മെഡിക്കൽ ഓഫീസർ, P.H.C | ഡോ. ബിനോദ്. എം.ബി. | 1-4-2016 മുതൽ 30-6-2016 വരെ |
| | ഡോ. ജിഷ നഹർ മുസ്തഫ | 1-7-2016 മുതൽ31-3-2017 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ,ആയുർവ്വേദം. | ഡോ. മഞ്ജുഷ | 1-4-2016 മുതൽ 25-10-2016 വരെ |
| | ഇല്ല | 26.10.2016 മുതൽ 31.10.2016 വരെ |
| | ഡോ. പ്രവീണ.എകെ. | 1.11.2016 മുതൽ 17.12.2016 വരെ |
| | ഡോ. ഗീത.വി | 18.12.2016 മുതൽ 31.3.2017 വരെ |
| I.C.D.S സൂപ്പർവൈസർ | ഗിരിജ പിള്ളക്കാട്ട് | 1-4-2016 മുതൽ 31-3-2017 വരെ |
| H.M. | ശ്രീ. അയ്യൂബ് | 1-4-2016 മുതൽ 31-3-2017 വരെ |
| വി.ഇ.ഒ | ശ്രീ. റഷീദ്. | 1-4-2016 മുതൽ 31-3-2017 വരെ |
| കൃഷി ഓഫീസർ | ബീന.എസ് | 1-4-2016 മുതൽ 25-7-2016 വരെ |
| | മാത്യൂ ജോർജ് (ചാർജ്) | 26.7.2016 മുതൽ 31.8.2016 വരെ |
| | ശ്രീലേഖ. പി. (ചാർജ്) | 1.9.2016 മുതൽ 19.11.2016 വരെ |
| | പുരുഷോത്തമൻ. ആർ (ചാർജ്) | 20.11.2016 മുതൽ 8.12.2016 വരെ |
| | ഹരീഫ. എം (കോൺട്രാക്റ്റ്) | 9.12.2016 മുതൽ 5.3.2017 വരെ |
| | പുരുഷോത്തമൻ. ആർ (ചാർജ്) | 6.3.2017 മുതൽ 31.3.2017 വരെ |

**ഉള്ളടക്കം**


| ക്രമനം | ഖണ്ഡിക | ഖണ്ഡികനം |
|---|---|---|
| | **ഭാഗം . 1** | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. 2016-17 | 1-7 |
| 8 | ക്ഷേമപദ്ധതികൾ 2016-17 | 1-8 |

| | | |
|---|---|---|
| 9 | ക്യാഷ് വേരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | ഫണ്ട് വിനിയോഗം | 1-11 |
| | ഭാഗം . 2 | |
| 12 | വാടക ഈടാക്കിയില്ല | 2-1 |
| 13 | വാടക കുടിശ്ശികയുള്ളവർക്ക് തുടർ വർഷങ്ങളിൽ മുറികൾ പുതുക്കി നൽകി | 2-2 |
| 14 | ഡെപ്പോസിറ്റ് സ്വീകരിക്കാത്തതിനാൽ വാടക അഡ്ജസ്റ്റ് ചെയ്യാൻ സാധിച്ചില്ല. | 2-3 |
| 15 | തൊഴിൽ നികുതി ഈടാക്കിയില്ല | 2-4 |
| 16 | അർദ്ധവർഷത്തിനിടയിൽ പിരിഞ്ഞ് പോയ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല. | 2-5 |
| 17 | മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കേണ്ടതാണ് | 2-6 |
| 18 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല | 2-7 |
| | ഭാഗം . 3 | |
| 19 | വാട്ടർ ടാങ്ക് വിതരണം ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി | 3-1 |
| 20 | കുടിവെള്ള വിതരണം തുക നൽകിയത് -ഇൻകം ടാക്സ് ഈടാക്കിയില്ല. | 3-2 |
| 21 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. ചെലവു തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു | 3-3 |
| 22 | സമ്പൂർണ്ണ ശുചിത്വ പദ്ധതി ചെലവ് രേഖകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല | 3-4 |
| 23 | മുൻകൂറുകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നത് | 3-5 |
| 24 | കരാറുകാർക്ക് ബിറ്റുമിൻ വാങ്ങി നൽകിയത് | 3-6 |
| 25 | പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിലെ പോരായ്മകൾ | 3-7 |
| 26 | സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല | 3-8 |
| 27 | ടെൻഡർ ഫോറം വില നഗരസഭാ ഫണ്ടിൽ അടവാക്കാത്തത് | 3-9 |
| 28 | എ.ബി.സി പ്രോഗ്രാം: | 3-10 |
| 29 | മുൻകൂർ നല്കിയ തുകയുടെ മുഴുവൻ മരുന്നും ലഭ്യമായില്ല | 3-11 |
| 30 | സാമൂഹ്യ സുരക്ഷാ മിഷനു വിഹിതം:വിനിയോഗ വിവരം ഇല്ല | 3-12 |
| 31 | മതിയായ രേഖകളുടെ അഭാവം:തുക തടസം ചെയ്യുന്നു | 3-13 |
| | ഭാഗം . 4 | |
| 32 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 33 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 34 | മൊബിലൈസേഷൻ അഡ്വാൻസ് : അഡ്വാൻസ് നൽകിയിട്ടില്ല | 4-3 |
| 35 | വായ്പ/ വായ്പ തിരിച്ചടവ്: | 4-4 |
| | | |

| | | |
|---|---|---|
| 36 | സ്ഥിരനിക്ഷേപങ്ങൾ - ഇല്ല | 4-5 |
| 37 | ഓഡിറ്റ് റിക്കവറി | 4-6 |
| 38 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 40 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |


# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബഡ്ജറ്റ് 1.04.2016 തിയതിയിലെ 01 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-17 | 31.7.2017 | 7. 0 8.2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2016-17 | 19.10.2017 മുതൽ 20.10.2017 വരെ | KSAMPM |

വാർഷികക്കണക്കിൻെറ പരിശോധനയിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1.വസ്തുനികുതി, തൊഴിൽ നികുതി,വിനോദ നികുതി,ബിൽഡിംഗ് പെർമിറ്റ്, മിസലേനിയസ് ഡിമാൻഡ്, കുടിശ്ശിക ഡിമാൻറ് എന്നീ വരവിനങ്ങളുടെ ഡിമാൻഡ് റജിസ്റ്ററുകൾ തയ്യാറാക്കിയിട്ടില്ല. 2. അഡ്വാൻസ്, ഡെപ്പോസിറ്റ് എന്നിവയുടെ റജിസ്റ്ററുകളിൽ സംഗ്രഹം തയ്യാറാക്കിയിട്ടില്ല.

3. വാർഷികക്കണക്കിലെ RP-4ൽ ചേർത്ത വിവരങ്ങൾ പരിശോധിക്കുന്നതിനാവശ്യമായ രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടില്ല.

4. ധനകാര്യ വർഷത്തെ സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

5. വൗച്ചർ ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല

6. മുൻവർഷ എ.എഫ്.എസ് പരിശോധനയിൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിച്ചിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| വർഷം 2016-17 |
|---|

| | |
|---|---|
| മുന്നിരിപ്പ് | 22311382 |
| വരവ് | 77815648 |
| ആകെ | 100127030 |
| ചെലവ് | 69551733 |
| നീക്കിയിരിപ്പ് | 30575297 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 12491822 | 12491822 | 12018381 | 473441 | 96.21 |
| വികസനഫണ്ട് എസ്.സി.പി. | 0 | 6332490 | 6332490 | 5058149 | 1274341 | 79.88 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 15687 | 15687 | 0 | 15687 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 9175092 | 9175092 | 4049720 | 5125372 | 44.14 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3466539 | 3466539 | 2917877 | 548662 | 84.17 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 6368320 | 6368320 | 3189914 | 3178406 | 50.09 |
| ലോക ബാങ്ക് സഹായം | 0 | 2703252 | 2703252 | 782617 | 1920635 | 28.95 |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എ ണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2016-17 | 248 | 84654997 | 159 | 47770709 | 34 | 55 | 64.12 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ ; ഇല്ല</u>

# 1-7 തനത് വരുമാനം. 2016-17

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 15.77 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം |
|---|---|---|---|---|

| | | | | (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 5154911 | 6769552 | 1614641 | 31.32 |
| നികുതിയേതര വരവുകൾ | 5268083 | 1219393 | -4048690 | -76.85 |
| മറ്റുവരവുകൾ | 9285825 | 8612484 | -673341 | -7.25 |
| ആകെ | 19708819 | 16601429 | -3107390 | -15.77 |

# 1-8 ക്ഷേമപദ്ധതികൾ 2016-17

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 14280 | 17 |
| കർഷക തൊഴിലാളി പെൻഷൻ | 88800 | 146 |
| വിധവാ പെൻഷൻ | 641600 | 802 |
| വാർദ്ധക്യകാല പെൻഷൻ | 768000 | 1022 |
| വികലാംഗ പെൻഷൻ | 209600 | 247 |
| 50 കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 22400 | 28 |

# 1-9 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.10.17 ന് 10.30ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ പൂജ്യം രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു (മുൻ പ്രവൃത്തി ദിവസത്തെ കളക്ഷൻ തുക പ്രസ്തുത ദിവസം തന്നെ ബാങ്കിൽ അടവാക്കിയിട്ടുണ്ട്.

# 1-10 ആഭ്യന്തര നിയന്ത്രണം.

നിർവ്വഹണ ഉദ്യോഗസ്ഥരുടെ കൃത്യമായ വിവരം രേഖപ്പെടുത്തുന്ന മാസ്റ്റർ ഇൻകുമ്പൻസി രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. തൻവർഷ വാടക, നികുതി എന്നിവ ഈടാക്കുന്നതിലും കുടിശ്ശിക കാലഹരണപ്പെടാതെ പിരിച്ചെടുക്കുന്നതിലും ഫലപ്രദമായ മേൽനോട്ടം അനിവാര്യമാണ്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | പെർഫോമൻസ് ഓഡിറ്റ് ഫയൽ നഗരസഭയിൽ ലഭ്യമല്ല | | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | | 2013-14 മുതൽ 2016-17 വരെ | 13.09.2017 |

## <u>ഭാഗം -2</u>

## <u>വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

# 2-1 വാടക ഈടാക്കിയില്ല

നഗരസഭയിലെ മുറികൾ ലേലത്തിലെടുത്ത ചുവടെ ചേർത്തിരിക്കുന്ന ലൈസൻസികളിൽ നിന്നും 2016-17 വർഷത്തിൽ വാടക ഈടാക്കിയിട്ടില്ല. ഇതിൽ ഏതാനും ലൈസൻസികൾ വാടക ഇനത്തിൽ ഭീമമായ തുക മുൻ വർഷങ്ങളിൽ കുടിശ്ശിക വരുത്തിയിട്ടുണ്ട്. 2016-17 വർഷത്തെ വാടക കുടിശ്ശികയുടെ വിവരവും വർഷങ്ങളായി വാടക കുടിശ്ശികയുള്ള സ്ഥാപനങ്ങളുടെ വിവരവും താഴെ ചേർക്കുന്നു. (പ്രസ്തുത ലൈസൻസികളുടെ വാടക കുടിശ്ശിക വിവരം മുൻ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്.) 2016 -17 വർഷത്തെ വാടക കുടിശ്ശിക 388999 രൂപ പലിശ സഹിതം ഈടാക്കാൻ അടിയന്തിര നടപടി സ്വീകരിച്ച് ഈടാക്കിയ വിവരം പ്രഥമ മറുപടിയിൽ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം പ്രസ്തുത തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. അപാകത ചൂണ്ടിക്കാണിച്ച് സെക്രട്ടറിക്ക് നൽകിയ 8 /26.10.2017 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ ആയത് ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു.

| ലൈസൻസി | കുടിശ്ശിക കാലയളവ് | അരിയർ ഡി.രജിസ്റ്റർ പ്രകാരം ആകെ ഈടാക്കാൻ അവശേഷിക്കുന്ന വാടക | മുറി നമ്പർ | റിമാർക്സ് |
|---|---|---|---|---|
| കെ.പി. മുഹമ്മദ് കാരപ്പറമ്പിൽ | 2017(ഫെബ്രുവരി, മാർച്ച് ) | 23794 | G-8 | - |
| വി.പി. അയ്യപ്പൻ, വാരിയത്ത്പടി | 2016ഏപ്രിൽ മുതൽ 2017 മാർച്ച് വരെ) | 50292 | G-35 | 2014 ഡിസംബർ മുതൽ 28 മാസത്തെ വാടക കുടിശ്ശികയുണ്ട്. |
| അബ്ദു റഹിമാൻ പട്ടുത്തുകളങ്ങര | 2016ഏപ്രിൽ മുതൽ 2017 മാർച്ച് വരെ) | 68278 | F-3 | 2014 ജൂൺ മുതൽ 34 മാസത്തെ വാടക കുടിശ്ശികയുണ്ട്. |
| അബൂബക്കർ വട്ടപ്പറമ്പിൽ | 2016ഡിസംബർ മുതൽ 2017 മാർച്ച് വരെ) | 25336 | F-4 | |
| അബ്ദുൾ സലാം പുറയങ്ങാട്ടിൽ | 2017 ജനുവരി മുതൽ 2017 മാർച്ച് വരെ) | 9636 | F-10 | - |
| സി.കെ.അസീസ്, ചെകിടൻ കുഴിയിൽ മാവണ്ടിയൂർ | 2016ഏപ്രിൽ മുതൽ 2017 മാർച്ച് വരെ) | 36680 | F-15 | 2010 ഒക്ടോബർ മുതൽ 78 മാസത്തെ വാടക കുടിശ്ശികയുണ്ട്. |
| സൈതലവി, പന്തക്കൽ | 2016ഏപ്രിൽ മുതൽ 2017 മാർച്ച് വരെ) | 19378 | F-20 | 2012 ഏപ്രിൽ മുതൽ 60 മാസത്തെ |

| | | | | |
|---|---|---|---|---|
| | | | | വാടക കുടിശ്ശികയുണ്ട്. |
| സി.കെ.അസീസ്, ചെകിടൻ കുഴിയിൽ മാവണ്ടിയൂർ | 2016ഏപ്രിൽ മുതൽ 2017 മാർച്ച് വരെ) | 37688 | F-23 | 2010 ആഗസ്റ്റ് മുതൽ 80 മാസത്തെവാടക കുടിശ്ശികയുണ്ട്. |
| സന്തോഷ് ബാബു. പി.എസ്, മുണ്ടക്കാട്ടിൽ | 2017 മാർച്ച് | 1322 | F-24 | - |
| കെ.ബി. അബ്ദു റഹിമാൻ | 2017(ഫെബ്രുവരി, മാർച്ച് ) | 2644 | F-31 | - |
| കെ.ബി. അബ്ദു റഹിമാൻ | 2016ഏപ്രിൽ മുതൽ 2017 മാർച്ച് വരെ) | 36670 | F-38 | 2014 ഏപ്രിൽ മുതൽ 36 മാസത്തെ വാടക കുടിശ്ശികയുണ്ട്. |
| കെ.ബി. അബ്ദു റഹിമാൻ | 2017(ഫെബ്രുവരി, മാർച്ച് ) | 6116 | F-39 | - |
| കെ.ബി. അബ്ദു റഹിമാൻ | 2017(ഫെബ്രുവരി, മാർച്ച് ) | 6116 | F-40 | - |
| കെ.ബി. അബ്ദു റഹിമാൻ | 2017(ഫെബ്രുവരി, മാർച്ച് ) | 3062 | S-14 | - |
| ഷംസുദ്ധീൻ, പാറക്കൽ | 2016ഏപ്രിൽ മുതൽ 2017 മാർച്ച് വരെ) | 47894 | FF-2 | 2014 ഏപ്രിൽ മുതൽ 36 മാസത്തെവാടക കുടിശ്ശികയുണ്ട്. |
| നസീറലി പാറക്കൽ | 2017 മാർച്ച് | 2017 | KVPM-1 | - |
| നസീറലി പാറക്കൽ | 2016ഏപ്രിൽ മുതൽ 2017 മാർച്ച് വരെ) | 12076 | KVPM-2 | 2015 ഫെബ്രുവരി മുതൽ 14 മാസത്തെവാടക കുടിശ്ശികയുണ്ട്. |
| **ആകെ** | | **388999** | | |

വാടക കുടിശ്ശിക ഈടാക്കുന്നതിലെ കാലതാമസം കാരണം തുക കാലഹരണപ്പെടുന്ന പക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കി തുടർ നടപടി സ്വീകരിക്കുന്നതാണ്.

# 2-2 വാടക കുടിശ്ശികയുള്ളവർക്ക് തുടർ വർഷങ്ങളിൽ മുറികൾ പുതുക്കി നൽകി

നഗരസഭാ ഷോപ്പിംഗ് കോംപ്ലക്സ് റൂമുകൾ ലേലത്തിലെടുത്ത ലൈസൻസികളിൽ വാടക ഇനത്തിൽ മുൻ വർഷങ്ങളിൽ ഭീമമായ തുക കുടിശ്ശിക വരുത്തിയിട്ടും 2016-17 വർഷത്തേക്ക് ഇവർക്ക് തന്നെ മുറികൾ പുതുക്കി

നൽകിയ നടപടി ശരിയായില്ല. നിലവിലുള്ള ബൈലോ പ്രകാരം വാടക കുടിശ്ശികയുള്ളവർക്ക് തൊട്ടടുത്ത വർഷത്തേക്ക് മുറികൾ നൽകാനാവില്ല. എന്നാൽ വർഷങ്ങളായി കുടിശ്ശിക വരുത്തുന്നവർക്കും തുടർ വർഷങ്ങളിൽ മുറികൾ പുതുക്കി നൽകുകയാണ് ചെയ്തിട്ടുള്ളത്. 2014 ഡിസംബർ മുതൽ 28 മാസത്തെ വാടക കുടിശ്ശികയുള്ള വി.പി. അയ്യപ്പൻ, വാരിയത്ത്പടി എന്ന വ്യക്തിയുടെ സ്ഥാപനം ഇപ്പോഴും നഗരസഭ കെട്ടിടത്തിൽ പ്രവർത്തിക്കുന്നതായി പ്രാദേശിക പരിശോധനയിൽ ബോധ്യപ്പെട്ടു. ബൈലോക്ക് വിരുദ്ധമായി തുടർച്ചയായി വാടക കുടിശ്ശിക വരുത്തുന്നവർക്ക് തുടർ വർഷങ്ങളിൽ മുറികൾ പുതുക്കി നൽകുന്ന പക്ഷം നഗരസഭക്കുണ്ടാകുന്ന കഷ്ട നഷ്ടങ്ങൾക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഉത്തരവാദിയാകുന്നതാണ്. വാടക, കുടിശ്ശിക വരുത്തുന്ന പക്ഷം തുടർ വർഷം പ്രസ്തുത മുറി ലേലം ചെയ്ത് മറ്റൊരാൾക്ക് വാടകക്ക് നൽകേണ്ടതാണ്. അപാകത ചൂണ്ടിക്കാണിച്ച് സെക്രട്ടറിക്ക് നൽകിയ 16 /28.10.2017 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ നിർദ്ദേശം പാലിക്കുന്നതാണെന്ന് അറിയിച്ചു.

## 2-3 ഡെപ്പോസിറ്റ് സ്വീകരിക്കാത്തതിനാൽ വാടക അഡ്ജസ്റ്റ് ചെയ്യാൻ സാധിച്ചില്ല.

നഗര സഭയുടെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന ഷോപ്പിങ് കോംപ്ലക്സിലെ റൂമുകൾ ലേലത്തിലെടുത്ത ലൈസൻസികളിൽ നിന്നും ഡെപ്പോസിറ്റ് സ്വീകരിക്കാതിരുന്നതിനാൽ വാടക കുടിശ്ശിക അഡ്ജസ്റ്റ് ചെയ്യാൻ സാധിച്ചില്ല. ഇക്കാര്യം ചൂണ്ടിക്കാണിച്ച് സെക്രട്ടറിക്ക് നൽകിയ 16 /28.10.2017 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ, നിലവിലെ ബൈലോയിൽ മതിയായ ഡെപ്പോസിറ്റ് സ്വീകരിക്കണമെന്ന നിബന്ധന ഇല്ലാത്തത് കൊണ്ടാണ് ഡെപ്പോസിറ്റ് സ്വീകരിക്കാതിരുന്നതെന്ന് അറിയിച്ചു. ചില ലൈസൻസികൾ വർഷങ്ങളുടെ കുടിശ്ശിക വരുത്തിയ ശേഷം അധികാരികളെ അറിയിക്കാതെ സ്ഥാപനം നിറുത്തി പോയ സാഹചര്യം ഉണ്ടായതിനാൽ അവരിൽ നിന്നും പിന്നീട് വാടക ഈടാക്കാൻ നഗരസഭക്ക് സാധിച്ചിട്ടില്ല. ആയതിനാൽ വാടക അഡ്ജസ്റ്റ് ചെയ്യാവുന്ന തരത്തിൽ ഡെപ്പോസിറ്റ് സ്വീകരിക്കണമെന്ന നിബന്ധന ഉൾപ്പെടുത്തി നിലവിലെ ബൈലോ പരിഷ്കരിച്ച് സർക്കാറിന്റെ അനുമതി വാങ്ങി, ഇത്തരത്തിൽ ഭീമമായ തുക വാടക കുടിശ്ശിക വരുന്ന സാഹചര്യം ഒഴിവാക്കാൻ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ഒഡിറ്റ് നിർദ്ദേശിക്കുന്നു.

## 2-4 തൊഴിൽ നികുതി ഈടാക്കിയില്ല

താഴെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2016-17 വർഷത്തിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അപാകത ചൂണ്ടിക്കാണിച്ച് സെക്രട്ടറിക്ക് നൽകിയ 13 /27.10.2017 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല.

| ക്രമ നം | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | സെന്റ് തോമസ് ഹോസ്പിറ്റൽ | 2016-17 രണ്ടാം |
| 2 | സിഗ്മ എന്റർപ്രൈസസ് | 2016-17 രണ്ടാം |
| 3 | ഫെർട്ടിലൈസർ ഡിപ്പോ | 2016-17 ഒന്നും രണ്ടും |
| 4 | യോഗക്ഷേമം ലോൺസ് | 2016-17 ഒന്നും രണ്ടും |
| 5 | ഇന്ത്യഫെക് ഇൻസ്റ്റിറ്റ്യൂട്ട് | 2016-17 ഒന്നും രണ്ടും |
| 6 | ഇന്ത്യ ഇൻഫോലൈൻ ലി. | 2016-17 ഒന്നുംരണ്ടും |
| 7 | ബി.എഫ്.സി. ഫോറക്സ് & ഫിനാൻഷ്യൽ സർവ്വീസ് | 2016-17 ഒന്നും രണ്ടും |
| 8 | ഖത്തർ ഗോൾഡ് സൂക്ക് | 2016-17 ഒന്നും രണ്ടും |
| 9 | കവിത ഗോൾഡ് സൂക്ക് | 2016-17 ഒന്നാം |
| 10 | പാലാറ ക്ലേവർക്സ് | 2016-17 ഒന്നും രണ്ടും |

| | | |
|---|---|---|
| 11 | പാലാറ മുഹമ്മദ് കുഞ്ഞി | 2016-17 ഒന്നും രണ്ടും |
| 12 | കൃപ.കോം | 2016-17 ഒന്നും രണ്ടും |

## 2-5 അർദ്ധവർഷത്തിനിടയിൽ പിരിഞ്ഞ് പോയ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.

നഗരസഭയിലെ നിസാർ ഹോസ്പിറ്റൽ, വളാഞ്ചേരി എന്ന സ്ഥാപനങ്ങളിൽ നിന്നും, അർദ്ധവർഷത്തിനിടയിൽ പിരിഞ്ഞ് പോയ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. പ്രസ്തുത ജീവനക്കാർ മറ്റേതെങ്കിലും സ്ഥാപനങ്ങളിൽ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ വിശദ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അപാകത ചൂണ്ടിക്കാണിച്ച് സെക്രട്ടറിക്ക് നൽകിയ 13 /27.10.2017 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല.

| പേര് | തസ്തിക | അർദ്ധ വർഷം | റിമാർക്സ് | ഈടാക്കേണ്ട നികുതി |
|---|---|---|---|---|
| ഹസീന.ടി | നഴ്സിങ് അസിസ്റ്റന്റ് | 2016-17 ഒന്നാം | Relieved on 1.6.2016 | അർദ്ധ വാർഷിക വരുമാനം അനുസരിച്ച് |
| സിന്ധു | എക്സ്റേ ടെക്നി. | 2016-17 ഒന്നാം | Relieved on 1.6.2016 | “ |
| നിസാർ മുഹമ്മദ് | സിസ്റ്റം അഡ്മിനിസ്ട്രേറ്റർ | 2016-17 ഒന്നാം | Relieved on 1.6.2016 | “ |
| രമ്യ | സ്കാനിങ് അസിസ്റ്റന്റ് | 2016-17 ഒന്നാം | Relieved on 1.6.2016 | “ |
| ചിങ്കു | S/N | 2016-17 ഒന്നാം | Relieved on 31.6.2016 | “ |
| ഷിനു ജേക്കബ് | S/N | 2016-17 ഒന്നാം | Relieved on 31.6.2016 | “ |
| നജ്മ | റിസപ്ഷനിസ്റ്റ് | 2016-17 ഒന്നാം | Relieved on 1.6.2016 | “ |
| അശ്വതി | ഫിസി.തറാപ്പി അസി. | 2016-17 ഒന്നാം | Relieved on 31.5.2016 | |
| ഹസീന | ഫാർമസിസ്റ്റ് | 2016-17 ഒന്നാം | Relieved on 1.6.2016 | “ |
| നെസിയ | S/N | 2016-17 രണ്ടാം | Relieved on 31.11.2016 | “ |
| ജോബി | ETP | 2016-17 രണ്ടാം | Relieved on 13.12.2016 | “ |

## 2-6 മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കേണ്ടതാണ്

താഴെ കാണുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി 2016-17 വർഷത്തിൽ ഈടാക്കിയിട്ടില്ല.

| കെട്ടിട | വിലാസം | നിർണയിച്ച | റിമാർക്സ് |
|---|---|---|---|

| നമ്പർ | | നികുതി (L.C ഉൾപ്പെടെ) | |
|---|---|---|---|
| 16/ 406 A | റിലയൻസ് ഇൻഫോ കോം | 15750 | |
| 9/ 620 | വി.ഡി സുദേവൻ, വയർലെസ് ടാറ്റാ ടെലി സർവീസസ് | 23625 | |
| 9/984 സി. | വോഡഫോൺ | 22050 | |
| 2/485 സി. | മെസേർസ് ഇൻഡസ് ടവർ ലി. | 25188 | |
| 14/598 | ഭാരതി എയർടെൽ | 26250 | |
| 19/413 എ. | വോഡാഫോൺ സെല്ലുലാർ ലി. | 20213 | |
| 12/420 ബി. | ജെ&കോ. ചേമ്പേർസ് | 16800 | 2013-14 മുതൽ കുടിശിക |
| 16/1194എ. | ബി.എസ്.എൻ.എൽ | 15750 | “” |
| ആകെ | | 165626 | |

മേൽ മൊബൈൽ ടവറുകളെ വസ്തു നികുതി അടവാക്കുന്നതിൽ നിന്നും ഒഴിവാക്കിയതിന്റെ അനുമതി ഉത്തരവുകൾ ഹാജരാക്കുന്നതോടൊപ്പം കുടിശ്ശിക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. നികുതി ഈടാക്കാതിരുന്നതിനാൽ ലഭിക്കേണ്ടിയിരുന്ന 165626/- രൂപ നഷ്ടമായി പരിഗണിക്കുന്നു. ഈ തുക ഈ കാലയളവിലെ സെക്ഷൻ ക്ലർക്ക്, സെക്രട്ടറി എന്നിവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-7 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല

2016-17 വർഷത്തിൽ നഗരസഭയിൽ വിവിധ പ്രവൃത്തികൾ ഏറ്റെടുത്ത താഴെ സൂചിപ്പിക്കുന്ന കരാറുകാർ തൊഴിൽ നികുതി അടവാക്കിയിട്ടില്ല. ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ സ്വീകരിച്ച നടപടിയുടെ വിവരം ഓഡിറ്റിനെ അറിയിക്കാനാവശ്യപ്പെട്ട് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3 /26.10.2017) മറുപടി നൽകിയിട്ടില്ല. താഴെ സൂചിപ്പിക്കുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി പ്രഥമ മറുപടിയിൽ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം നഗരസഭക്കുണ്ടായ നഷ്ടം ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

| ക്രമ നം | കരാറുകാർ | അർദ്ധ വർഷം | അടവാക്കേണ്ട തൊഴിൽ നികുതി | ആകെ |
|---|---|---|---|---|
| 1 | എം. അബ്ദുൾ കരീം, കാടാമ്പുഴ | 2016-17 ഒന്നും രണ്ടും | 1250 x 2 | 2500 |
| 2 | കെ.അബ്ദുൾ മജീദ്, തൊഴുവണ്ണൂർ | 2016-17ഒന്നുംരണ്ടും | 1250 x 2 | 2500 |
| 3 | ടി.കെ.മൊയ്തീൻ, ആതവനാട് | 2016-17 ഒന്നും രണ്ടും | 1250 x 2 | 2500 |
| 4 | കെ.കൃഷ്ണൻകുട്ടി, കോട്ടക്കൽ | 2016-17 ഒന്നും രണ്ടും | 1250 x 2 | 2500 |
| 5 | എൻ.പി. മനോഹരൻ, ഇരിമ്പിളിയം | 2016-17 ഒന്നും രണ്ടും | 1250 x 2 | 2500 |

| | | | | |
|---|---|---|---|---|
| 6 | എം. മുഹമ്മദ്, വലിയകുന്ന് | 2016-17 ഒന്നും രണ്ടും | 1250 x 2 | 2500 |
| 7 | കെ. ചേക്കുഹാജി, മക്കരപ്പറമ്പ് | 2016-17 ഒന്നും രണ്ടും | 1250 x 2 | 2500 |
| 8 | എം. നിഷാദ്, വലിയകുന്ന് | 2016-17 ഒന്നും രണ്ടും | 1250 x 2 | 2500 |
| 9 | ടി.കെ. ഹുസൈൻ, ആതവനാട് | 2016-17 ഒന്നും രണ്ടും | 1250 x 2 | 2500 |
| 10 | കെ.അലി.എടയൂർ | 2016-17 ഒന്നും രണ്ടും | 1250 x 2 | 2500 |
| 11 | ടി. ഷഹരിയാദ്, വളാഞ്ചേരി | 2016-17 ഒന്നും രണ്ടും | 1250 x 2 | 2500 |
| 12 | ടി.കെ. അബ്ദുൾ ഖാദർ, വളാഞ്ചേരി | 2016-17 ഒന്നും രണ്ടും | 1250 x 2 | 2500 |
| 13 | ടി. നൗഷാദ്, പാറമ്മൽ അങ്ങാടി | 2016-17 ഒന്നും രണ്ടും | 1250 x 2 | 2500 |
| 14 | പി.പി. മുഹമ്മദ് ബഷീർ, കരിപ്പോൾ | 2016-17 ഒന്നും രണ്ടും | 1250 x 2 | 2500 |
| 15 | കെ. അലവിക്കുട്ടി, ആതവനാട് | 2016-17 ഒന്നും രണ്ടും | 1250 x 2 | 2500 |
| 16 | മുഹമ്മദ് നിയാസ്, കൽപ്പകഞ്ചേരി | 2016-17 ഒന്നും രണ്ടും | 1250 x 2 | 2500 |
| 17 | കെ. ഷറഫുദ്ദീൻ, എടയൂർ | 2016-17 ഒന്നും രണ്ടും | 1250 x 2 | 2500 |
| 18 | എ.നൗഷാദ്, മാറാക്കര | 2016-17 ഒന്നും രണ്ടും | 1250 x 2 | 2500 |
| 19 | ടി.കെ.ആബിദലി, വളാഞ്ചേരി | 2016-17 ഒന്നും രണ്ടും | 1250 x 2 | 2500 |
| 20 | വി.രാജകുമാരൻ, കുറ്റിപ്പുറം | 2016-17 ഒന്നും രണ്ടും | 1250 x 2 | 2500 |
| 21 | ടി.എം. മൊയ്തീൻകുട്ടി, തൊഴുവണ്ണൂർ | 2016-17 ഒന്നും രണ്ടും | 1250 x 2 | 2500 |
| 22 | കെ.പി.കുഞ്ഞുണ്ണി, എടയൂർ | 2016-17 ഒന്നും രണ്ടും | 1250 x 2 | 2500 |
| 23 | കെ.സദാനന്ദൻ, തൊഴുവണ്ണൂർ | 2016-17 ഒന്നും രണ്ടും | 1250 x 2 | 2500 |
| 24 | ഷംസുദ്ദീൻ, വളാഞ്ചേരി | 2016-17 ഒന്നും രണ്ടും | 1250 x 2 | 2500 |
| ആകെ | | | | 60000 |

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വാട്ടർ ടാങ്ക് വിതരണം ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി

പ്രൊജക്ട് നം.220/17

SC വിഭാഗത്തിന് വാട്ടർ ടാങ്ക്

വൗച്ചർ നം. 2161160/26.3.17 തുക 180000 (വികസനഫണ്ട്)

വൗച്ചർ നം. 2161246/26.3.17 തുക 59400 (ഗുണഭോക്തൃ വിഹിതം)

----------------

ആകെ 239400

മേൽ പദ്ധതിയിൽ ഉൾപ്പെടുത്തി 120 ഗുണഭോക്താക്കൾക്ക് വാട്ടർ ടാങ്ക് വിതരണം ചെയ്യുന്നതിനായി വികസന ഫണ്ട് 180000(120x1500) രൂപയും ഗുണഭോക്തൃ വിഹിതം 59400 (495x120) രൂപയും അടക്കം ആകെ 239400 രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ഗുണഭോക്തൃ ലിസ്റ്റിൽ സെക്രട്ടറി ഒപ്പ് വെച്ചിട്ടില്ല.

2. ഹാജരാക്കിയ അപേക്ഷകളിൽ 116 പേർ മാത്രമാണ് ലഭ്യമാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളത്.

3.വാട്ടർ ടാങ്ക് സ്റ്റോക്കിലോട്ടുത്തതിന്റെയും ആയത് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെയും രേഖകൾ ഫയലിൽ ഇല്ല.

ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത താഴെപ്പറയുന്ന 4 പേർക്ക് നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

1 അപ്പുണ്ണി പൂളക്കൽ, വാർഡ് 7
2.സുനിത കുന്നത്തമ്മാരിൽ, വാർഡ് 10
3.സുകുമാരൻ മൊട്ടക്കുന്ന് പറമ്പിൽ, വാർഡ് 15
4. അരവിന്ദാക്ഷൻ പുത്തൻപറമ്പിൽ, വാർഡ് 19

ചെലവ് തുക 6000 (4x1500) ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. 1,74,000 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു. (മേൽ അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (ഓഡിറ്റ് എൻക്വയറി നം.2/25.10.17) രേഖകൾ ഹാജരാക്കിയില്ല.)

## 3-2 കുടിവെള്ള വിതരണം തുക നൽകിയത് -ഇൻകം ടാക്സ് ഈടാക്കിയില്ല.

കുടിവെള്ള വിതരണം നൽകിയതിന് ശ്രീ വീരാൻകുട്ടി എന്നയാൾക്ക് 288800

രൂപ (വൗച്ചർ നം.21600201/7.6.16, 178400 രൂപയും വൗച്ചർ നം.21600240/23.6.16, 110400 രൂപയും ) എന്നാൽ ടിയാനിൽ നിന്നും 1% ഇൻകം ടാക്സ് ഈടാക്കേണ്ടതാണെന്നിരിക്കെ ആയത് ഈടാക്കിയിട്ടില്ല. 2888 രൂപ ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി അടവാക്കിയ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-3 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. ചെലവു തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു

സെക്രട്ടറി നടത്തിയ താഴെപ്പറയുന്ന ചെലവുകൾക്കാധാരമായ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കിയില്ല

| ക്രമ നം | വൗച്ചർ നം/ തിയ്യതി | തുക | ബില്ലിന്റെ വിവരം | റിമാർക്സ് |
|---|---|---|---|---|
| 1 | 21600949/16.2.17 | 200000 | പൈപ്പ് ലൈൻ നീട്ടുന്നതിന് വാട്ടർ അതോറിറ്റി തിരൂരിൽ അടവാക്കിയത് (പ്രൊജക്ട് നം.134/17) | വിനിയോഗ സാക്ഷ്യപത്രം ഇല്ല |
| 2 | 21600960/20.1.17 | 438396 | പൈപ്പ് ലൈൻ നീട്ടുന്നതിന് വാട്ടർ അതോറിറ്റി എടപ്പാളിൽ അടവാക്കിയത് (പ്രൊജക്ട് നം.51/17) | വിനിയോഗ സാക്ഷ്യപത്രം ഇല്ല |
| 3 | 21601045/15.3.17 | 550000 | IAY അധിക ധനസഹായം കുറ്റിപ്പുറം ബ്ളോക്കിന് നൽകിയത് (പ്രൊജക്ട് നം.269/17) | വിനിയോഗ സാക്ഷ്യപത്രം ഇല്ല |
| 4 | 21601044/15.3.17 | 200000 | DPC കോംപ്ളക്സ് നിർമ്മാണത്തിന് നൽകിയത് (പ്രൊജക്ട് നം.253/17) | വിനിയോഗ സാക്ഷ്യപത്രം ഇല്ല |
| 5 | 21600959/20.1.17 | 55849 | IKM വിഹിതം നൽകിയത് (പ്രൊജക്ട് നം.74/17) | വിനിയോഗ സാക്ഷ്യപത്രം ഇല്ല |
| 6 | 21600942/20.12.16 | 1527000 | SSA വിഹിതം അടവാക്കിയത് (പ്രൊജക്ട് നം.72/17) | വിനിയോഗ സാക്ഷ്യപത്രം ഇല്ല |

ആകെ 2971245

ചെലവു തുക തടസ്സപ്പെടുത്തുന്നു. ഈ ഓഡിറ്റ് റിപ്പോർട്ട് കൈപ്പറ്റിയാലുടൻ മേൽ പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി അപാകത പരിഹരിക്കേണ്ടതാണ്. ആയതിന് വീഴ്ച വരുത്തിയാൽ തടസ്സപ്പെടുത്തിയ തുക നിരാകരിച്ച് തിരികെ ഈടാക്കുവാൻ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

## 3-4 സമ്പൂർണ്ണ ശുചിത്വ പദ്ധതി ചെലവ് രേഖകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല

2016-17 സെക്രട്ടറി നടത്തിയ സമ്പൂർണ്ണ ശുചിത്വം എന്ന പദ്ധതിക്കായി (പ്രൊജക്ട് നം. 50/17) താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്

| ക്രമ നം | വൗച്ചർ നം/തിയ്യതി | തുക | ഫണ്ടിനം |
|---|---|---|---|
| 1 | 21600771/1.12.16 | 48000 | കേന്ദ്രവിഹിതം |
| 2 | 21600742/20.12.16 | 63204 | |
| 3 | 21600765/28.12.16 | 8000 | |
| 4 | 21600840/20.1.17 | 68000 | |
| 5 | 21600482/29.9.16 | 135000 | തനത് ഫണ്ട് |
| 6 | 21600725/1.12.16 | 65955 | |
| 7 | 21600741/26.12.16 | 84597 | |
| | | | |

| | | | |
|---|---|---|---|
| 8 | 21600767/28.12.16 | 5466 | |
| 9 | 21600842/20.1.17 | 46461 | |
| 10 | 21600900/3.2.17 | 5000 | |
| 11 | 21600952/2.3.17 | 39000 | |
| 12 | 216001055/15.3.17 | 1000 | |
| 13 | 216001220/26.3.17 | 5000 | |
| 14 | 216001222/26.3.17 | 2733 | |
| 15 | 21600770/1.12.16 | 15204 | ശുചിത്വമിഷൻ വിഹിതം |
| 16 | 21600766/28.12.16 | 2534 | |
| 17 | 21600841/20.1.17 | 21539 | |
| 18 | 21600953/2.3.17 | 54600 | |
| 19 | 216001056/15.3.17 | 1400 | |
| 20 | 216001221/26.3.17 | 7000 | |
| 20 | 216001225/26.3.17 | 5267 | |

ആകെ 685000

ഓരോ വൗച്ചറിന്റെയും കൂടെ ആർക്കാണ് തുക നൽകിയതെന്നൊ എത്രാമത്തെ ഗഡു ആണെന്നതിന്റെയോ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതിന്റെയോ വിശദാംശങ്ങൾ ഇല്ലാത്തതിനാൽ ചെലവിന്റെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഓരോ ഗുണഭോക്താവിനും നൽകിയ തുകയുടെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ചെലവു തുകയായ 6,85,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-5 മുൻകൂറുകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നത്

മുൻകൂർ രജിസ്റ്റർ പരിശോധിച്ചതിൽ 2012-13 മുതലുള്ള മുൻകൂറുകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | വൗച്ചർ നം/തിയ്യതി | തുക | നൽകിയത് | ഉദ്ദേശം |
|---|---|---|---|---|
| 1 | 30.3.13 | 107100 | KSEB വളാഞ്ചേരി | അംഗനവാടി വൈദ്യുതീകരണം |
| 2 | 49/11<br>8.11.13 | 1000 | P.K ഖാലിദ് സെക്രട്ടറി | മുൻകൂർ യാത്രാബത്ത |
| 3 | 49/11<br>8.11.13 | 500 | രാജേഷ് ആർ UDC | മുൻകൂർ യാത്രാബത്ത |
| 4 | 93/12<br>22.12.13 | 1000 | P.K ഖാലിദ് സെക്രട്ടറി | മുൻകൂർ യാത്രാബത്ത |
| 5 | 84/10<br>27.10.14 | 1000 | P.K ഖാലിദ് സെക്രട്ടറി | മുൻകൂർ യാത്രാബത്ത |
| 6 | 78/03<br>17.3.15 | 900000 | KWA | പൈപ്പ് ലൈൻ നീട്ടൽ (പ്രൊജക്റ്റ് നം 21/15) |
| 7 | 77/03 | 2327015 | KWA | പൈപ്പ് ലൈൻ നീട്ടൽ (പ്രൊജക്റ്റ് നം 28/15) |

| | | | | |
|---|---|---|---|---|
| | 17.3.15 | | | |
| 8 | 100/03<br>17.3.15 | 260000 | KWA | പൈപ്പ് ലൈൻ നീട്ടൽ (പ്രൊജക്ട് നം 227/15) |
| 9 | 269/03<br>31.3.16 | 250000 | KWA | പൈപ്പ് ലൈൻ നീട്ടൽ (പ്രൊജക്ട് നം 4/16) |
| 10 | 58/09 | 15000 | ശ്രീ .ഹരിലാൽ | ഫെസ്റ്റിവൽ അഡ്വാൻസ് |
| 11 | 92/08 | 10000 | ശ്രീ .E.M ഹരീഷ്കുമാർ | ഫെസ്റ്റിവൽ അഡ്വാൻസ് |
| 12 | 91/08 | 10000 | ശ്രീ ഗിരീഷ് ശങ്കർ | ഫെസ്റ്റിവൽ അഡ്വാൻസ് |
| 13 | 91/02<br>29.2.17 | 200000 | KWA | പൈപ്പ് ലൈൻ നീട്ടൽ (പ്രൊജക്ട് നം 134/17) |
| 14 | 02/02<br>1.2.17 | 15000 | MO PHC | പൾസ് പോളിയോ പ്രോഗ്രാം |

മേൽ കാണിച്ചവയിൽ ക്രമ നമ്പർ 3, 4, 5, 10, 11, 12 എന്നിവയിലെ തുക 18% പലിശ സഹിതം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. സർക്കാർ ഏജൻസികൾക്ക് നൽകിയതിന്റെ വിനിയോഗ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

# 3-6 കരാറുകാർക്ക് ബിറ്റുമിൻ വാങ്ങി നൽകിയത്

2016-17 ൽ കരാർ വെച്ച റോഡ് ടാറിംഗ്, റീടാറിംഗ് പ്രവൃത്തികളുടെ നടത്തിപ്പിന് അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നഗരസഭയിൽ നിന്നും മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് ടാർ വാങ്ങി നൽകുന്നുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥൻ വിവിധ മരാമത്ത് പ്രവൃത്തികൾ നടത്തിപ്പിലാക്കുന്നതിനുള്ള ബിറ്റുമിൻ (VG-30), ഇമൾഷെൻ (RS-1, SS-1) എന്നിവയുടെ ആവശ്യകത കണക്കാക്കി തുക നഗരസഭാ സെക്രട്ടറിക്ക് കൈമാറിയാണ് താഴെ കാണിച്ച അളവിൽ ടാർ വാങ്ങി സ്റ്റോക്കിലെടുത്തത്.

| ക്രമ നമ്പർ | ഇനം | അളവ് |
|---|---|---|
| 1 | ബിറ്റുമിൻ | 279 ബാരൽ |
| 2 | ആർ എസ് 1 | 23ബാരൽ |
| 3 | എസ് എസ് 1 | 8 ബാരൽ |

2016-17 ൽ കരാർ വെച്ച പ്രോജക്ട് നമ്പർ 102, 104, 107, 109, 108, 110, 113, 116, 117, 118, 123, 124, 126, 127, 255, 258, 264, 263, 268 എന്നിവയുടെ നിർവ്വഹണത്തിന് മെയിന്റെനൻസ് ഫണ്ടിൽ നിന്നും 18,40,069രൂപ പിൻവലിച്ചാണ് (വൗച്ചർ നമ്പർ 24/3.2017) ടാർ വാങ്ങിയതെന്ന് കാണുന്നു. ഒരു പ്രവൃത്തിയും ഓഡിറ്റ് കാലയളവിൽ നടപ്പിലാകാത്തതിനാൽ ടാർ ചെലവിന്റെ ബിൽ റിക്കവറി എപ്രകാരമാണെന്നറിയുന്നതിന് ബന്ധപ്പെട്ട കരാറുകൾ പരിശോധിച്ചിട്ടില്ല. 2017-18 ൽ സ്പിൽ ഓവർ പ്രോജക്ടുകളായി ഉൾപ്പെടുത്തിയ മേൽ പ്രോജക്ടുകളുടെ നിർവ്വഹണ രേഖകൾ തുടർ പരിശോധക്ക് ലഭ്യമാക്കേണ്ടതാണ്.

# 3-7 പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിലെ പോരായ്മകൾ

**2016-17 വർഷത്തിൽ സ്പിൽ ഓവർ ഉൾപ്പെടെ 160 പ്രവൃത്തികൾ നഗരസഭയുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയതിൽ 100 എണ്ണമാണ് പൂർണ്ണമായി/ഭാഗികമായി പൂർത്തിയാക്കാനായത്. അംഗീകാരം വാങ്ങിയ മേൽ പ്രോജക്ടുകൾക്കായി 4.18 കോടി വകയിരുത്തിയതിൽ 2.19 കോടി രൂപയാണ് ചെലവായത്.**

**വാർഷിക പദ്ധതി തുകയുടെ വലിയ ഭാഗം വിനിയോഗിക്കുന്ന മരാമത്ത് പ്രവൃത്തികളുടെ രൂപീകരണത്തിലും നിർവ്വഹണത്തിലും വ്യവസ്ഥാപിത നടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കപ്പെടുന്നില്ല. പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ, പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് ചട്ടങ്ങൾ, സാങ്കേതിക നിർദ്ദേശങ്ങൾ എന്നിവ പാലിക്കുന്നതിൽ വീഴ്ച വരുന്നതിന്റെ വിശദാംശം താഴെ ചേർക്കുന്നു.**

**1.റോഡ് കണക്റ്റിവിറ്റി പ്ലാൻ തയ്യാറാക്കാൻ നടപടി സ്വീകരിച്ചില്ല.**

റോഡുകളുടെ പുനരുദ്ധാരണം, ടാറിംഗ്, റീടാറിംഗ് പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയ റോഡിന്റെ വിശദാംശം, യുനീക്ക് നമ്പർ ഉൾപ്പെടെയുള്ള കാര്യങ്ങൾ പ്രോജക്ട് ഫോറത്തിലും, എസ്റ്റിമേറ്റ് റിപ്പോർട്ടിലും രേഖപ്പെടുത്താൻ നിർദ്ദേശമുള്ളതാണ്. പുതിയതായി സൃഷ്ടിക്കുന്ന ആസ്തി വിവരം രജിസ്റ്ററിൽ അപ്ഡേറ്റിംഗ് നടത്തി നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

നഗരസഭകൾ അവയുടെ അധികാര പരിധിയിൽ വരുന്ന ഹൈവേകളും മേജർ ജില്ലാ റോഡുകളുമായും ഏറ്റവും ചെറിയ ജനവാസ സ്ഥലങ്ങളിൽവരെ എത്തിച്ചേരുന്നതുമായ എല്ലാ റോഡുകളുടേയും ഒരു കണക്റ്റിവിറ്റി പ്ലാൻ തയ്യാറാക്കാൻ പതിനൊന്നാം പഞ്ചവൽസര പദ്ധതി മുതലുള്ള മാർഗ്ഗരേഖകളിൽ നിർദ്ദേശമുള്ളതുമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കണക്ടിവിറ്റി മാപ്പുകൾ തയ്യാറാക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കാനും 28.2.2015 നകം പൂർത്തീകരിക്കാനും തദ്ദേശ ഭരണ വകുപ്പിന്റെ 14.10.2014 ലെ 45023/AB2/2014 സർക്കുലറിലും നിർദ്ദേശിച്ചതാണെങ്കിലും പ്രാരംഭ നടപടി പോലും പൂർത്തിയാക്കാനായില്ലായെന്ന് കാണുന്നു. എഞ്ചിനീയറിംഗ് സ്ഥാപന മേധാവികൾ കണക്റ്റിവിറ്റി പ്ലാനിന്റെ ആവശ്യകത തദ്ദേശഭരണ സ്ഥാപനങ്ങളെ ബോദ്ധ്യപ്പെടുത്താനും അതിനുള്ള പ്രോജക്ട് നിർബന്ധമായും ഏറ്റെടുക്കാനുമുള്ള ചീഫ് എഞ്ചിനീയറുടെ 24.09.2014 ലെ DB2/8510/14 ലെ സർക്കുലറിലെ നിർദ്ദേശം നടപ്പിലാക്കേണ്ടതാണ്.

**2.റോഡ് കോൺക്രീറ്റിംഗിന് നിലവിലുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്**

റോഡ് നിർമ്മാണം, മെച്ചപ്പെടുത്തൽ, പുനരുദ്ധാരണം എന്നിവയിൽ ചീഫ് എഞ്ചിനീയറുടെ നിലവിലുള്ള വ്യവസ്ഥകൾ പാലിച്ച് കൊണ്ട് മാത്രമേ കോൺക്രീറ്റിംഗ് പ്രവൃത്തികൾ ഏറ്റെടുക്കാവൂവെന്ന് പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയതാണ്. റോഡ് കോൺക്രീറ്റിംഗ് വ്യാപകമായി നടപ്പിലാക്കുന്ന സാഹചര്യത്തിൽ ഉപരിതലത്തിൽ ടാറിംഗിന് പകരം കോൺക്രീറ്റിംഗ് നിർവ്വഹിക്കുന്നതിന് വ്യക്തമായ കാരണം സൈറ്റ് പരിശോധന കൃത്യമായി നടത്തി എസ്റ്റിമേറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തേണ്ടതും സാങ്കേതികാനുമതി നൽകുന്ന ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതുമാണ്.

**3. ഗുണഭോക്തൃ സമിതികളുടെ പ്രവർത്തനത്തിലെ അപാകതകൾ**

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിന് ഗുണഭോക്തൃ സമിതികളുടെ സംഘാടനപരമായ കഴിവും സാമ്പത്തിക ശേഷിയും ഒരു തലത്തിലും പരിശോധിക്കപ്പെടുന്നില്ല. പ്രവൃത്തിക്ക് ആവശ്യമായ ഫണ്ട് എങ്ങനെ മൊബിലൈസ് ചെയ്യുന്നുവെന്നതിനെപ്പറ്റിയോ മെറ്റീരിയൽ സംഘടിപ്പിക്കുന്നതിനെപ്പറ്റിയോ മിനുട്സിൽ തീരുമാനം രേഖപ്പെടുത്തുന്നില്ല. നിർവ്വഹണ സമയത്ത് കമ്മറ്റി യോഗം ചേർന്ന് പ്രവർത്തന പുരോഗതി വിലയിരുത്തുന്നില്ല. ഗുണഭോക്തൃ സമിതികൾ കൺവീനറുടേയും ചെയർമാന്റേയും പേരിൽ തുടങ്ങിയ ജോയന്റ് എക്കൗണ്ട് വഴി പണമിടപാട് നടത്തണമെന്ന നിർദ്ദേശം നടപ്പിലാക്കിയതിന്റെ രേഖകളില്ല.

പ്രവൃത്തി സംബന്ധിച്ച് സൈറ്റിൽ ഡിസ്പ്ലേ ബോർഡ് പ്രദർശിപ്പിക്കാനുള്ള നിർദ്ദേശം ഒരു മരാമത്ത് പ്രവൃത്തിയുടെ നിർവ്വഹണത്തിലും നടപ്പിലാക്കുന്നില്ല. എസ്റ്റിമേറ്റിൽ ഫണ്ട് വകയിരുത്തുന്നതല്ലാതെ തുക വിനിയോഗിക്കുന്നതിന് തയ്യാറാകുന്നില്ല. കോൺട്രാക്ടറുടെ/കൺവീനറുടെ പേര്, ഫോൺ നമ്പർ, എഞ്ചിനീയറുടെ പേര്, ഫോൺ നമ്പർ, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി ഡിസ്പ്ലേ ബോർഡ് സ്ഥാപിക്കാൻ എസ്റ്റിമേറ്റിൽ തുക വകയിരുത്താനും ചെലവഴിക്കാനും മാർഗ്ഗരേഖയിൽ വ്യവസ്ഥയുള്ളതാണ്. റോഡുകൾ നിർമ്മിക്കുമ്പോൾ പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിലെ നിർദ്ദേശ പ്രകാരമുള്ള ബോർഡുകൾ വയ്ക്കണമെന്ന് തദ്ദേശ ഭരണ വകുപ്പിന്റെ 14.10.2014 ലെ 45023/AB2/2014 നമ്പർ സർക്കുലറിലും കർശന നിർദ്ദേശം നൽകിയതാണ്. ഗുണഭോക്തൃ കമ്മറ്റികൾ വഴിയുള്ള മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ പൊതുമരാമത്ത് നടപടി ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്താൻ

തദ്ദേശ ഭരണ വകുപ്പിന്റെ 4.3.2013 ലെ 1047/DA1/2013 ലെ സർക്കുലറിലും വ്യക്തമാക്കിയത് നടപ്പിലാക്കേണ്ടതാണ്.

# 3-8 സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല

പ്രൊജക്റ്റ് : പച്ചക്കറി കൃഷി കൂലിച്ചെലവ്, വിത്തും തൈ വിതരണവും

നം. : S090/ 2017

അടങ്കൽ : 3,06,000 (പ്ലാൻ ഫണ്ട്)

നിർവ്വഹണം : കൃഷി ഓഫീസർ

ട്രഷറി ചെക്ക് നം. 1813858/30-03-2017 : 2,00,000

കർഷകർക്ക് പച്ചക്കറി വിത്തുകൾ ലഭ്യമാക്കുക, പച്ചക്കറി കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി നല്കുക എന്നിവയാണ് മേൽ പ്രൊജക്റ്റിൻ കീഴിൽ ലക്ഷ്യം വെച്ച പ്രവർത്തനങ്ങൾ. ആയത് പ്രകാരം പച്ചക്കറി വിത്തിൻെറ 1000 പാക്കറ്റുകൾ, 37,500 തൈകൾ എന്നിവ വിതരണം ചെയ്യുകയും, 51 കർഷകർക്ക് കൂലിച്ചെലവ് സബ്സിഡി നൽകുകയും ചെയ്തിട്ടുണ്ട്.

സ.ഉ(എം.എസ്)നം.4/2016/തസ്വഭവ/11-01-2016 പ്രകാരം പച്ചക്കറി കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി നൽകാവുന്നത് നാമമാത്ര കർഷകർക്ക് മാത്രമാണ്. എന്നാൽ, താഴെപ്പറയുന്ന ഒരു ഹെക്ടറിൽ കൂടുതൽ ഭൂവിസ്തൃതിയുള്ള സ്ഥലമുടമകൾക്കും മേൽ പ്രൊജക്റ്റ് പ്രകാരം ധനസഹായം നൽകിയിട്ടുണ്ട് :

| ഗുണഭോക്താവ് | കൈവശമുള്ള ഭൂമിയുടെ വിസ്തീർണ്ണം (ഹെക്ടർ) | നൽകിയ ധനസഹായം |
|---|---|---|
| ശ്രീമതി കദീജ കെ.ടി, കോരോത്ത് തടത്തിൽ | 1.17 | 1000 |
| ശ്രീ. ശങ്കരൻ, പള്ളിയാൽതൊടി | 1.09 | 3000 |
| ആകെ | | 4,000 |

ക്രമ പ്രകാരമല്ലാതെ ചെലവഴിച്ച 4,000 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

# 3-9 ടെൻഡർ ഫോറം വില നഗരസഭാ ഫണ്ടിൽ അടവാക്കാത്തത്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പൊതുമരാമത്ത് പ്രവൃത്തികളിൽ ഇ-ടെൻഡർ സമർപ്പിക്കുമ്പോൾ കരാറുകാരിൽ നിന്നും ഓൺലൈനായി നിരതദ്രവ്യവും ടെൻഡർ ഷെഡ്യൂൾ ഫീയും സ്വീകരിക്കുന്നതിനായി ജില്ലാ പഞ്ചായത്ത്, നഗരസഭ, കോർപ്പറേഷനുകളിലെ എഞ്ചിനീയറിംഗ് തലവൻമാർക്ക് ബാങ്കിൽ സീറോ ബാലൻസ് എക്കൗണ്ട് തുടങ്ങാൻ 28.09.2013 ലെ ജി.ഒ.(എം എസ്) 318/2013/LSGD പ്രകാരം അനുമതി നൽകിയതാണ്. ചീഫ് എഞ്ചിനീയറുടെ 10.10.2013 ലെ DB1-7942/2013/CE/LSGD നമ്പർ സർക്കുലറിൽ ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകളുടെ ബാങ്ക് എക്കൗണ്ടുകളുമായി ബന്ധിപ്പിക്കുന്നതിന് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ തുടങ്ങിയ ബാങ്ക് എക്കൗണ്ടിന്റെ വിശദാംശം ഇ-ടെൻഡർ നടപടികളുടെ നോഡൽ ഏജൻസിയായി അംഗീകരിച്ച കേരള സംസ്ഥാന ഐ.ടി മിഷന് കൈമാറാനും നിർദ്ദേശമുള്ളതാണ്.

നഗരസഭയിൽ 2015-16 മുതൽ പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിന് ഇ-ടെൻഡർ നടപടി സ്വീകരിക്കുന്നുണ്ടെങ്കിലും ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ബാങ്ക് എക്കൗണ്ടിലൂടെ തന്നെയാണ് നടത്തിയിട്ടുള്ളത്. നഗരസഭയിൽ ഇതിനായി സീറോ ബാലൻസ് എക്കൗണ്ട് തുടങ്ങാനായിട്ടില്ലായെന്ന് കാണുന്നു. ചീഫ് എഞ്ചിനീയറുടെ 12.12.2016ലെ DB1-7942/2016/CE/LSGD നമ്പർ

സർക്കുലറിൽ ഐ.ടി മിഷനിൽ നിന്നുമുള്ള വിവരത്തിന്റെ അടിസ്ഥാനത്തിൽ ഇ-ടെൻഡർ പൂർത്തികരിച്ച് എ.ഒ.സി അപ്‌ലോഡ് ചെയ്യുമ്പോൾ നിരതദ്രവ്യം ഓട്ടോമാറ്റിക്കായി ബിഡർമാരുടെ എക്കൗണ്ടിലേക്ക് തന്നെ തിരികെ പോകുന്ന സംവിധാനം 21.12.2106 മുതൽ നിലവിൽ വന്നതായി വ്യക്തമാക്കിയിട്ടുണ്ട്. നിർവ്വഹണ ഘട്ടത്തിൽ എഗ്രിമെന്റ് അതോറിറ്റി കരാറിൽ ഏർപ്പെടുന്ന സമയത്ത് 5% സെക്യൂരിറ്റി ഡെപ്പോസിറ്റ് കരാറുകാരിൽ നിന്നും നേരിട്ട് സ്വീകരിക്കാനുള്ള നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ട്.

2015-16മുതൽ പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിന് ഇ-ടെൻഡർ നടപടി സ്വീകരിക്കുന്നുണ്ടെങ്കിലും ഇതിലൂടെ ടെൻഡർ ഷെഡ്യൂൾ വിലയായി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ബാങ്ക് എക്കൗണ്ടിൽ വന്ന തുക നഗരസഭയ്ക്ക് ലഭിച്ചിട്ടില്ല. 2015-16 മുതൽ അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടുകളിൽ താഴെ കാണിച്ചവ ഇ-ടെൻഡർ ചെയ്തതാണ്.

| ക്രമനമ്പർ | പ്രോജക്ട് നമ്പർ,പേര് വിവരം | അടങ്കൽ തുക (രൂപ) | കരാറുകാരുടെ എണ്ണം | ടെൻഡർ ഫോറം ആകെ വില (നികുതി ഒഴികെ) |
|---|---|---|---|---|
| 1 | വട്ടപ്പാറ കരിങ്കാട് റോഡ് റീടാറിംഗ് (2015-16) | 6 ലക്ഷം | 3 | 3600 |
| 2 | PHC ചുറ്റുമതിൽ പുനരുദ്ധാരണം (2015-16) | 5 ലക്ഷം | 4 | 4000 |
| 3 | 6/2017:പഞ്ചായത്ത് സ്റ്റേഡിയം നിർമ്മാണം | 10 ലക്ഷം | 5 | 10000 |
| 4 | 35/2017:തോണിക്കല്ല് അംഗനവാടി കെട്ടിട നിർമ്മാണം | 10.59ലക്ഷം | 5 | 10595 |
| 5 | 102/2017:തോണിക്കൽ താണിപ്പൻകുന്ന് റോഡ് | 8ലക്ഷം | 2 | 3200 |
| 6 | 111/2017:ചങ്ങമ്പള്ളി കരിങ്കല്ലത്താണി റോഡ് | 6ലക്ഷം | 2 | 2400 |
| 7 | 123/2017:ബസ്റ്റാൻഡ് റോഡ് റീടാറിംഗ് | 7.2ലക്ഷം | 2 | 2880 |
| 8 | 172/17:മത്സ്യമാർക്കറ്റിൽ ദ്രവമാലിന്യ സംസ്കരണ ടാങ്ക് | 5ലക്ഷം | 2 | 2000 |
| 9 | 251/17:മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ | 8ലക്ഷം | 2 | 3200 |
| 10 | 173/17: ബസ്റ്റാൻഡിൽ പൊതു ടോയ്‌ലറ്റ് പുനരുദ്ധാരണം സെപ്റ്റിക്ക് ടാങ്ക് നിർമ്മാണവും | 5.683ലക്ഷം | 2 | 2272 |
| 11 | 230/17:തുമ്പൂർ മോഡൽ കമ്പോസ്റ്റ് | 5ലക്ഷം | 3 | 3000 |
| 12 | 272/17:കരിങ്കല്ലത്താണി വടക്കുംമുറി ലിങ്ക് റോഡ് | 8.15ലക്ഷം | 2 | 3260 |

ക്രമനമ്പർ 8,10 എന്നിവ ആദ്യ ടെൻഡറിലും റീടെൻഡറിലും ഒരു സിംഗിൾ ടെൻഡറാണ് ലഭിച്ചത്. മേൽ കാലയളവിൽ ഇ-ടെൻഡർ ഫോറം വിൽപ്പനയിൽ നഗരസഭക്ക് ലഭിക്കാനുള്ളത് 50407 രൂപയാണ്. സർക്കാർ

നിർദ്ദേശമനുസരിച്ച് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ എക്കൗണ്ടിലേക്ക് 2015-16 മുതൽ ഓൺലൈനായി വന്നതും നഗരസഭക്ക് ലഭിക്കേണ്ടതുമായ തുക തിരികെ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് വിശദീകരിക്കുകയുണ്ടായി. നഗരസഭയിൽ ഇ-ടെൻഡർ നടപടിക്കായി സീറോ ബാലൻസ് എക്കൗണ്ട് തുടങ്ങാനുള്ള നിർദ്ദേശവും നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമെന്ന് അറിയിച്ചു. തുടർ നടപടി വിവരം ആദ്യ മറുപടിയിൽ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-10 എ.ബി.സി പ്രോഗ്രാം, വിനിയോഗ വിവരം ലഭ്യമാക്കിയില്ല

പ്രൊജക്റ്റ് : എ.ബി.സി പ്രോഗ്രാം,നം. : S0256/2017

അടങ്കൽ : **500000(പ്ലാൻ ഫണ്ട്)**

**ബിൽ നം. 2/16-17 തി. 15.3.2017**

വെറ്ററിനറി സർജൻ നിർവഹണം നടത്തിയ മേൽ പദ്ധതിയുടെ ഭാഗമായി അനിമൽ ഹസ്ബൻഡറി ഡെപ്യൂട്ടി ഡയറക്ടർക്ക് 5 ലക്ഷം രൂപ 15.3.2017 ന കൈമാറിയെങ്കിലും ആയതിന്റെ രശീതിയോ തുകയുടെ വിനിയോഗ വിശദാംശങ്ങളോ ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല. ഇക്കാര്യത്തിൽ സ്വീകരിച്ച തുടർ നടപടിയും പദ്ധതിയുടെ നിലവിലെ അവസ്ഥയും സംബന്ധിച്ചുള്ള വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണെന്നറിയിച്ച എൻക്വയറി നല്കിയെങ്കിലും **(04 /26.10.2017)** തുക വിനിയോഗിച്ചതിന്റെ വിശദാംശം ഹാജരാക്കിയിട്ടില്ല. ചെലവ് തുക 5,00,000 തടസത്തിൽ വെക്കുന്നു. ഈ ഓഡിറ്റ് റിപ്പോർട്ട് കൈപ്പറ്റിയാലുടൻ അപാകത പരിഹരിച്ച് ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

# 3-11 മുൻകൂർ നല്കിയ തുകയുടെ മുഴുവൻ മരുന്നും ലഭ്യമായില്ല

ആയുർവേദ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ വിവിധ പ്രോജക്റ്റുകളുടെ ഭാഗമായി മരുന്ന് വിതരണം ചെയ്യുന്നതിനായി താഴെ കാണും പ്രകാരം തുക മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ തുക കൈപ്പറ്റി നാളിത് വരെ മരുന്ന് മുഴുവനായും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രൊജക്റ്റ് നമ്പർ/ പേര് | ചെക്ക് നമ്പർ/ തീയതി | ലഭ്യമാകാനുള്ള മരുന്നിന്റെ വില | തുക കൈപ്പറ്റിയത് |
|---|---|---|---|
| S082/17,ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ | 1813550 തി.28-02-17 | 1,50,000 | ഹോംകോ,ആലപ്പുഴ |
| S0091/17, കിടപ്പിലായ രോഗികൾക്ക് പരിചരണം | 1813552 14.3.17 | 58795 | ഔഷധി,തൃശ്ശൂർ |
| | ആകെ | 208795 | |

മരുന്നു ലഭ്യമായതിന്റെ വിശദാംശങ്ങൾ ഉടനടി ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 208795 രൂപ തടസത്തിൽ വെക്കുന്നു. ഈ ഓഡിറ്റ് റിപ്പോർട്ട് കിട്ടിയാലുടൻ അപാകത പരിഹരിക്കേണ്ടതാണ്.

# 3-12 സാമൂഹ്യ സുരക്ഷാ മിഷനു വിഹിതം:വിനിയോഗ വിവരം ഇല്ല

**പ്രൊജക്ട് : സാമൂഹ്യ സുരക്ഷാ മിഷനു വിഹിതം: ( S0130/2017)**

**തുക 10,00,000 (പ്ലാൻ ഫണ്ട്)**

**ബിൽ നം. 3/16-17 തി. 24.12.2017**

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണം നടത്തിയ മേൽ പദ്ധതിയിൽ 10 ലക്ഷം രൂപ സാമൂഹ്യ സുരക്ഷാ മിഷനു 21.01.2017 ൽ കൈമാറിയെങ്കിലും (ഡി.ഡി. നം.731875 തി.21.1.17) ആയതിന്റെ വിനിയോഗ വിശദാംശങ്ങൾ ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല. ചെലവു തുക തടസത്തിൽ വെക്കുന്നു. ഓഡിറ്റ് റിപ്പോർട്ട് കൈപ്പറ്റിയാലുടൻ അപാകത പരിഹരിക്കേണ്ടതാണ്.

# 3-13 മതിയായ രേഖകളുടെ അഭാവം:തുക തടസം ചെയ്യുന്നു

***പ്രൊജക്ട്:അന്ധ വിദ്യാർഥിക്ക് ലാപ് ടോപ് ( S0254/2017)***

**തുക 24,800 (പ്ലാൻ ഫണ്ട്)**

**ബിൽ നം. 12/16-17 തി. 31.3.2017**

ഐ.സി.ഡി.എസ് സൂപ്പർ വൈസർ നിർവഹണം നടത്തിയ അന്ധ വിദ്യാർത്ഥിക്ക് ലാപ്ടോപ് നല്കൽ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ കാണുന്ന അപാകതകൾ കാണുന്നു.

1. ഗുണഭോക്താവിനെ തിരഞ്ഞെടുത്തതിന്റെയും അംഗീകരിച്ചതിന്റെയും രേഖകൾ ഇല്ല.

2.ഗുണഭോക്താവ് വിദ്യാർത്ഥി ആണെന്നു തെളിയിക്കുന്ന രേഖൾ, പഠിക്കുന്ന കോഴ്സ് എന്നിവ സംബന്ധിച്ച വിവരം ലഭ്യമല്ല.

3. ഗുണഭോക്താവിന്റെ വൈകല്യം തെളിയിക്കുന്ന മെഡിക്കൽ ബോർഡിന്റെ സാക്ഷ്യപത്രം ഫയലിൽ ഇല്ല.

4. ഗുണഭോക്താവിന്റെ അപേക്ഷ ഹാജരാക്കിയിട്ടില്ല.

അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നറിയിച്ച് ഓഡിറ്റ് എൻക്വയറി നം.11/27.10.2017 നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ചെലവു തുക 24800 തടസത്തിൽ വെക്കുന്നു. റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ മതിയായ വിശദീകരണം ലഭ്യമാക്കാത്ത പക്ഷം തുക നിർവഹണ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

# <u>ഭാഗം -4</u>

# <u>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</u>

# 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം - ഇല്ല

# 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് വർക്കിന് തുക നൽകിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരം.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ- | 638396 | 0 | 638396 |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് : അഡ്വാൻസ്

# നൽകിയിട്ടില്ല

# 4-4 വായ്പ/ വായ്പ തിരിച്ചടവ്: ഇല്ല

# 4-5 സ്ഥിരനിക്ഷേപങ്ങൾ - ഇല്ല

# 4-6 ഓഡിറ്റ് റിക്കവറി - ഇല്ല

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 51 | 2001-02 | V 10 - 2-(1) | മരാമത്ത്- അധിക ചെലവ് | നടപടി തുടരുന്നു |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

***(എ)* സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 10127030 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 69551733 |
| വരവിനങ്ങളിലുള്ള നഷ്ടം | 225626 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 12888 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5563840 |

**(ബി).** <u>**പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-6 | 1,65,626 | | ശ്രീ .സുജിത്. ടി.കെ, സെക്രട്ടറി |
| 2-7 | 30,000 | | ശ്രീ . സുഭാഷ്. പി.ബി, സെക്രട്ടറി |
| | 30,000 | | ശ്രീ .സുജിത്. ടി.കെ, സെക്രട്ടറി |
| 3-1 | | 6000 | ശ്രീ .സുജിത്. ടി.കെ, സെക്രട്ടറി |
| 3-2 | | 2888 | ശ്രീ . സുഭാഷ്. പി.ബി, സെക്രട്ടറി |
| 3-8 | | 4000 | ശ്രീ .പുരുഷോത്തമൻ. ആർ, കൃഷി ഓഫീസർ ഇൻ ചാർജ്) |
| ആകെ | 2,25,626 | 12888 | |

<u>**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 1,74,000 | ശ്രീ .സുജിത്. ടി.കെ, സെക്രട്ടറി |
| 3-3 ഭാഗികം | 750000 | ശ്രീ .സുജിത്. ടി.കെ, സെക്രട്ടറി |
| 3-3ഭാഗികം | 2221245 | ഹരിദാസ്. പി, ജൂനിയർ സൂപ്രണ്ട്, (ചാർജ്) |
| 3-4 | 135000 | ശ്രീ . സുഭാഷ്. പി.ബി, സെക്രട്ടറി |
| | 527600 | ഹരിദാസ്. പി, ജൂനിയർ സൂപ്രണ്ട്, (ചാർജ്) |
| | 22400 | ശ്രീ .സുജിത്. ടി.കെ, സെക്രട്ടറി |
| 3-10 | 500000 | ശ്രീ. കെ.ബി പ്രഭാകരൻ, വെറ്റിനറി സർജൻ |
| 3-11 | 208795 | ഡോ. വി.ഗീത, മെഡിക്കൽ ഓഫീസർ (ആയുർ) |
| 3-12 | 1000000 | ശ്രീമതി. ഗിരിജ, പിള്ളക്കാട്ട്, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 3-13 | 24800 | ശ്രീമതി. ഗിരിജ, പിള്ളക്കാട്ട്, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| **ആകെ** | **55,63,840** | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ-</u>**

**ഖണ്ഡിക 2-1 ഷോപ്പിങ് കോംപ്ലക്സ് വാടക കുടിശ്ശിക സംബന്ധിച്ച്**

**(ഇ)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ .സുജിത്. ടി.കെ, സെക്രട്ടറി | സെക്രട്ടറി, വളാഞ്ചേരി നഗരസഭ | തൈപ്പറമ്പിൽ ഹൗസ്, എസ്.എൽ പുരം പി.ഒ, ചേർത്തല, ആലപ്പുഴ- 688523 |
| ശ്രീ . സുഭാഷ്. പി.ബി, സെക്രട്ടറി | സെക്രട്ടറി, ചൂണ്ടൽ ഗ്രാമ പഞ്ചായത്ത് | പെരിമ്പറമ്പിൽ ഹൗസ്, പെരിഞ്ചേരി പി.ഒ, തൃശ്ശൂർ |
| ശ്രീ.പുരുഷോത്തമൻ.ആർ, കൃഷി ഓഫീസർ (ഇൻ ചാർജ്) | കൃഷി ഓഫീസർ, കുറ്റിപ്പുറം | പുത്തൻ വിള ഹൗസ്, ഏങ്ങണ്ടിയൂർ. പി.ഒ, തൃശ്ശൂർ 676501 |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1994- | LFM11/78/98/28-2-03 | 9 |

| | | |
|---|---|---|
| 95,95-96 | | |
| 96-97 | LFM11/378/03/28-2-03 | 1 |
| 97-98 | LFM11/414/01/28-2-03 | 1 |
| 98-99 | LFM11/1764/01/28-2-03 | 22 |
| 99-00 | LFM11/118/02/28-2-03 | 13 |
| 00-01 | LFM11/1222/01/16-11-02 | 7 |
| 01-02 | LFM11/935/03/6-8-04 | 15 |
| 02-03 | LFM12/1286/04/25-4-05 | 5 |
| 03-04 | LFM9/1422/07/15-2-06 | 12 |
| 04 -05 | LFM9/297/8-2-07 | 8 |
| 05-06 | LFM9/298/07/8-2-07 | 10 |
| 06-07 | LFM9/444/09/7-5-10 | 10 |
| 07-08 | LFM13/2088/10/ | 9 |
| 08-09 | LFM13/2089/10 | 13 |
| 07-08 | LFM13/2446/11/26-12-11(FR) | 8 |
| 08-09 | LFM13/2447/11 26-12-11(FR) | 7 |
| 09-10,10-11 | LFM13/785/13/25-5-13/12-6-13 | 22 |
| 11-12, 12-13 | LFM13/ 856/ 15 21-5-15 | 15 |
| 13-14, 14-15 | LFM13/ 1514/2015 dated 01-08-2015 | 23 |
| 15-16 | KSAMPM25/241/2017 dated 7-02-2017 | 24 |